**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 253** **11-03-2025 - ൽ മറുപടിയ്ക്ക്**

**സാഹസിക വിനോദസഞ്ചാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വനങ്ങളും മലകളും ജലാശയങ്ങളും അടങ്ങിയ സംസ്ഥാനത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദസഞ്ചാരത്തിന് അനുയോജ്യമാണെന്ന് കരുതുന്നുണ്ടോ; | (എ) | സാഹസിക ടൂറിസം മേഖല കേരളത്തിൽ വളർച്ചയുടെ പാതയിലാണ്. ജൈവ വൈവിദ്ധ്യം കൊണ്ട് സമ്പന്നമായ നമ്മുടെ സംസ്ഥാനം സാഹസിക ടൂറിസം മേഖലയ്ക്ക് ഏറെ അനുയോജ്യമാണ്. ഒരു സാഹസിക വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ, സന്ദർശകർക്ക് അവരുടെ ഉത്സാഹഭരിതമായ സാഹസികത അനുഭവിക്കുവാൻ സാഹസിക ടൂറിസം ധാരാളം അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു . വനങ്ങളും മലകളും ജലാശയങ്ങളും അടങ്ങിയ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായ വിവിധ സാഹസിക വിനോദപരിപാടികൾ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി വഴി നടത്തി വരുന്നുണ്ട്. |
| (ബി) | പാരാഗ്ലൈഡിംഗ്, കനോയിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങൾക്കായുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്ന വിഷയം ആലോചനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സാഹസിക ടൂറിസം ഇനങ്ങളിൽ ഏററവും മുൻപന്തിയിൽ നിൽക്കുന്ന പരാഗ്ലൈഡിംഗ് നിലവിൽ വാഗമണ്ണിലും, വർക്കലയിലും നടത്തിവരുന്നു. മൂന്നാറിലെ ചിന്നക്കനാൽ പ്രദേശത്തെ സ്ഥിരം പാരാഗ്ലൈഡിംഗ് ഡെസ്റ്റിനേഷനായി ഉയർത്തിക്കൊണ്ട് വരുന്നതിന്റെ ഭാഗമായി ടെസ്റ്റ് ഫ്ലൈയും മൂന്നാർ മുതൽ 65 സ്ക്വയർ കി.മി. പരിധിയിൽ തമിഴ്നാടിന്റെ വിവിധ ഭാഗങ്ങൾ ഉൾപ്പെടുത്തി ടെസ്റ്റ് ക്രോസ്സ് കൺട്രി ഗ്ലൈഡിംഗും നടത്തിയിട്ടുണ്ട്. അതിനു വേണ്ടി അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സാധ്യത പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും തുടർന്ന് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തു. പ്രൊപ്പോസൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ അനുമതി |

നൽകുന്ന മുറയ്ക്ക് ചിന്നകനാലിൽ പാരാഗ്ലൈഡിംഗ് ഡെസ്റ്റിനേഷൻ പദ്ധതി ആരംഭിക്കുവാൻ കഴിയും.

പാരാഗ്ലൈഡിങ് എന്ന അഡ്വഞ്ചർ ആക്ടിവിറ്റി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പിന് കീഴിലുള്ള കെ.എ.ടി.പി.എസ് എല്ലാവർഷവും അന്താരാഷ്ട്ര പാരഗ്ലൈഡിങ് ഫെസ്റ്റിവൽ ഇടുക്കി ജില്ലയിലെ വാഗമണ്ണിൽ സംഘടിപ്പിക്കാറുണ്ട്.

നിലവിൽ ലോകത്തിലെ മികച്ച ടോപ്പ് ലാൻഡിംഗ് പരാഗ്ലൈഡിംഗ് ഡെസ്റ്റിനേഷനാണ് വാഗമൺ. അതുപോലെ വാഗമൺ അഡ്വഞ്ചർ പാർക്കിൽ വിവിധങ്ങളായ സാഹസിക ആക്ടിവിറ്റികൾ നടന്നുവരുന്നു. അന്തർദേശീയ നിലവാരത്തിലുള്ള കൂടുതൽ സാഹസിക ആക്ടിവിറ്റികൾ കൊണ്ടുവന്ന് വാഗമൺ അഡ്വഞ്ചർപാർക്ക് അന്തർദേശീയ നിലവാരത്തിൽ ഉയർത്തുവാൻ ആലോചിക്കുന്നു.

കയാക്കിംഗ് ആൻഡ് കാനോയിങ് എന്ന വാട്ടർ സ്പോർട്സ് ആക്ടിവിറ്റി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി വിനോദസഞ്ചാര വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു. കയാക്കിംഗ് ആൻഡ് കാനോയിങ് ആക്ടിവിറ്റി കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായി മലബാർ റിവർ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു.

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി പുലിക്കയത്ത് ഒരു കയാക്കിങ് സെന്റർ പ്രവർത്തിച്ചുവരുന്നു കൂടാതെ ബേപ്പൂർ ഫെസ്റ്റിന്റെ ഭാഗമായി കയാക്കിങ് ആൻഡ് കാനോയിങ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽ കയാക്കത്തോൺ എന്ന കയാക്കിങ് മത്സരങ്ങളും സംഘടിപ്പിച്ചു വരുന്നു. ഇതോടൊപ്പം കേരളത്തിലെ സുപ്രധാന ഹൈക്കിംഗ്, ട്രക്കിംഗ് റൂട്ടുകൾ അടയാളപ്പെടുത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഇടുക്കി ജില്ലയിലെ ലക്ഷ്മി എസ്റ്റേറ്റിന്റേയും ആനമുടിയുടേയും ഹൈക്കുകളുടെ രണ്ട് ഭൂപടങ്ങൾ തയ്യാറാക്കി കഴിഞ്ഞു. ബീച്ച് ടൂറിസം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്ലോട്ടിംഗ് ബ്രിഡ്ജ് ഉൾപ്പെടെയുള്ള ബീച്ച് സാഹസിക ടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നു. ചാലിയർ റിവർ പാഡിൽ എന്ന പേരിൽ മാലിന്യ മുക്ത ചാലിയാർ എന്ന ലക്ഷ്യത്തോടെ ജലയാത്ര സംഘടിപ്പിച്ചു. വിവിധ തരം കയാക്കുകകളിലും സ്റ്റാന്റ് അപ്പ് പാഡിലും പായ്വഞ്ചിയിലും ചുരുളൻ വള്ളത്തിലും ആയിരുന്നു യാത്ര. ഇന്ത്യ, ഓസ്ട്രേലിയ, സിംഗപ്പൂർ, ജർമ്മനി, യു.കെ. തുടങ്ങിയ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവർ

| | | | |
|---|---|---|---|
| | | | യാത്രയുടെ ഭാഗമായി. സാഹസിക വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ബേപ്പൂരിൽ സർഫിംഗ് അക്കാഡമിക്ക് തുടക്കമിട്ടു. മൗണ്ടൻ ബൈക്കിംഗിന്റെ ആഗോള ഭൂപടത്തിൽ കേരളത്തെ പ്രതിഷ്ഠിച്ച ഇന്റർ നാഷണൽ മൗണ്ടൻ സൈക്ലിംഗ് ഇവന്റ് ഏഴാം പതിപ്പ് വയനാട്ടിലെ പ്രിയദർശിനി ടീപ്ലാന്റേഷനിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | മലബാർ മേഖലയിൽ ഇത്തരം സൗകര്യമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | മലബാർ മേഖലയിൽ സാധ്യതകൾ പരിശോധിച്ച് വൈവിധ്യങ്ങളായ സാഹസിക വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കയാക്കിങ് ആൻഡ് കനോയിങ് എന്ന അഡ്വഞ്ചർ ആക്ടിവിറ്റി യുടെ വികസനത്തിനായി കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിലെ പുലിക്കയത്തിൽ അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിങ് ഫെസ്റ്റിവൽ, മലബാർ റിവർ ഫെസ്റ്റിവൽ എന്നിവ സംഘടിപ്പിക്കാറുണ്ട്. കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി പുലിക്കയത്ത് ഒരു കയാക്കിങ് സെന്റർ പ്രവർത്തിച്ചുവരുന്നു. കൂടാതെ ബേപ്പൂർ ഫെസ്റ്റിന്റെ ഭാഗമായി കയാക്കിങ് ആൻഡ് കനോയിങ് മത്സരങ്ങൾ കഴിഞ്ഞ 4 വർഷമായി സംഘടിപ്പിക്കുന്നു. കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവിൽ കയാക്കത്തോൺ എന്ന കയാക്കിങ് മത്സരങ്ങളും സംഘടിപ്പിച്ച് വരുന്നു. ബീച്ച് സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫ്ലോട്ടിംഗ് ബ്രിഡ്ജ് മലബാറിലെ എല്ലാ തീരദേശ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. സർഫിംഗ് പരിശീലിപ്പിക്കുന്നതിനുള്ള പ്രത്യേക അക്കാഡമിക്ക് ബേപ്പൂരിൽ തുടക്കമിട്ടു. ചാലിയാർ റിവർ പാഡിൽ എന്ന പേരിൽ മൂന്നു ദിവസം നീളുന്ന വിപുലമായ പരിപാടിയും സംഘടിപ്പിച്ചുവരുന്നുണ്ട്. അഡ്വഞ്ചർ പാർക്കുകൾ ഉൾപ്പെടെയുള്ള കൂടുതൽ നവീന പദ്ധതികളുടെ സാധ്യതയും മലബാർ മേഖലയിൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ